**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 272 — 11.12.18 - ൽ മറുപടിക്ക്.

## കുടുംബശ്രീ സംരംഭങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീമതി പി.അയിഷാപോറ്റി<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) മുൻസർക്കാരിന്റെ കാലത്ത് ബദൽ സംഘടനകളെ വളർത്തുന്നതിനായി കുടുംബശ്രീയെ തകർക്കാൻ നടത്തിയ നീക്കം അതിജീവിച്ചുകൊണ്ട് പതിനാറ് സംസ്ഥാനങ്ങളിലേക്കും രണ്ടു വിദേശരാജ്യങ്ങളിലേക്കും കൂടി പ്രവർത്തനം വ്യാപിപ്പിക്കാൻ കുടുംബശ്രീയെ പ്രാപ്തമാക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ശക്തമായ ഇടപെടലുകളുടെ ഭാഗമായി കുടുംബശ്രീ ഇന്ന് തിരിച്ചുവരവിന്റെ പാതയിലാണ്. 2017 ൽ ബഹു. മുഖ്യമന്ത്രിയടക്കം പങ്കെടുത്തുകൊണ്ട് നടത്തിയ 'ദിശ' ക്യാമ്പയിൻ കുടുംബശ്രീ സ്കൂൾ, നീതം ജെന്റർ ക്യാമ്പയിൻ തുടങ്ങിയവ കുടുംബശ്രീ സംഘടനാ സംവിധാനത്തെ പുനഃരുജ്ജീവിപ്പിക്കുന്നതിൽ നിർണ്ണായക പങ്കാണ് വഹിച്ചത്. 2015-16 ൽ കുടുംബശ്രീയ്ക്കായി സർക്കാർ നല്കിയത് 75 കോടി രൂപയായിരുന്നെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 ൽ അത് 130 കോടിയായും, 2017-18 ൽ 161 കോടിയായും 2018-19 ൽ 188.62 കോടിയായും വർദ്ധിപ്പിച്ചു എന്നത് കുടുംബശ്രീയോട് ഈ സർക്കാരിനുള്ള പ്രതിബദ്ധതയാണ് കാണിക്കുന്നത്. ദേശീയ ഗ്രാമീണ ഉപജീവനമിഷന് സാങ്കേതിക സഹായം നല്കുന്ന ഏജൻസി എന്ന നിലയിൽ 19 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലും പ്രവർത്തിച്ചു വരുന്ന കുടുംബശ്രീയെ ഒരു നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (NRO) ആയി അംഗീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനും, ഗ്രാമ വികസന സംരംഭക പ്രവർത്തനങ്ങളിലും, കുടുംബശ്രീ പരിശീലനം നൽകുന്നുണ്ട്. ഉഗാണ്ട, അസർബൈജാൻ, എത്യോപ്യ, ഉസ്ബെക്കിസ്ഥാൻ എന്നീ രാജ്യങ്ങൾ കുടുംബശ്രീ മാതൃക തങ്ങളുടെ നാട്ടിൽ പകർത്തുവാൻ തയ്യാറായിട്ടുണ്ട്. ഇത് കൂടാതെ ഏകദേശം പത്തോളം വിദേശ രാജ്യങ്ങളുടെ പ്രതിനിധികൾ കുടുംബശ്രീ മാതൃക പഠിക്കുന്നതിനായി കേരളം സന്ദർശിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ അനാദൃശ്യമായ ഇത്തരം പ്രവർത്തന പദ്ധതികൾക്ക് ചുക്കാൻ പിടിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡിയാണ്. |

| | | | |
|---|---|---|---|
| (ബി) | കുടുംബശ്രീ മറ്റു സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന സൂക്ഷ്മ സംരംഭക പദ്ധതികളുടെയും സ്റ്റാർട്ട് അപ്പ് വില്ലേജ് സംരംഭക പദ്ധതികളുടെയും മേൽനോട്ടം വഹിക്കുന്നത് കുടുംബശ്രീയാണോ; | (ബി) | അല്ല ; അതാത് സംസ്ഥാനങ്ങളിലെ കുടുംബശ്രീ മിഷന് സമാനമായ മിഷനുകളാണ്. കൂടാതെ, കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ മേൽനോട്ടവും ഉണ്ട്. |
| (സി) | സൂക്ഷ്മ സംരംഭക മേഖലയിൽ കഴിഞ്ഞ രണ്ട് വർഷമായി കുടുംബശ്രീ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (സി) | സംസ്ഥാനതലത്തിൽ 4800 ലധികം സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുകയും സംരംഭങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനായി പലിശ സബ്സിഡിയ്ക്ക് പുറമെ ടെക്നോളജി ഫണ്ട് , ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, റിവോൾവിംഗ് ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, സ്റ്റാർട്ടപ്പ് ഫണ്ട് എന്നിവ നൽകിവരുകയും ചെയ്യുന്നു. മേഖലാധിഷ്ഠിതമായി വൈദഗ്ധ്യ പരിശീലന ഏജൻസികളെ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് എംപാനൽ ചെയ്യുതുകൂടാതെ ആരോഗ്യമേഖല, നിർമ്മാണ മേഖല, പ്ലാന്റേഷൻ മേഖലകളിലായി നടത്തിയ ഇടപെടലിന്റെ ഭാഗമായി കുടുംബശ്രീ അംഗങ്ങൾക്കും അവരുടെ കുടുംബാഗങ്ങൾക്കും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. |
| (ഡി) | പ്രളയത്തെ തുടർന്ന് കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്കുണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് മാർഗ്ഗമാണ് ഉദ്ദേശിക്കുന്നത്? | (ഡി) | ഉണ്ട്. കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾക്ക് ഗ്രാമ പ്രദേശങ്ങളിൽ 7,80,25,032/- രൂപയുടെ നഷ്ടവും നഗരപ്രദേശങ്ങളിൽ 4.14 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. കൂടാതെ, 2018- ലെ സരസ്സ് മേളയിൽ പങ്കെടുത്ത സംരംഭകർക്ക് പ്രളയത്തെ തുടർന്ന് ആകെ 6.78 കോടി രൂപയുടെ നഷ്ടവും ഉണ്ടായിട്ടുണ്ട്. സർക്കാരിന്റെ പ്രളയ ദുരിതാശ്വാസ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ